File No.FWLD-A2/26/2019-FWLD

1352
25/6/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കോതമംഗലം ഡിവിഷനിൽ തൊട്ടുപുഴ റെയിഞ്ചിലെ തോണി ഭാഗം റിസർവ്വിൽ നിന്ന് അനധികൃത മരം മുറി- അച്ചടക്കനടപടി-എം.എ.ശശിധരൻ നായർ,ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A.No. 860/2014 കേസിലെ 18.03.2019-ലെ വിധിന്യായം. -നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.346/2019/വനം** തീയതി,തിരുവനന്തപുരം, 27/08/2019

---

പരാമർശം:- 1 ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ 25.07.07-ലെ ബി2-14859/12 നമ്പർ ഉത്തരവ്

2 സ.ഉ.(സാധാ.) നം.133/2009/വനം തീയതി 21.05.2009

3 ബഹു.കേരളഅഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28.05.2013-ലെ വിധിന്യായം.

4 സ.ഉ.(സാധാ.) നം. 387/2013/വനം തീയതി 01.10.2013

5 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18.03.2019-ലെ വിധിന്യായം.

ഉത്തരവ്

കോതമംഗലം ഡിവിഷനിൽ തൊട്ടുപുഴ റെയിഞ്ചിലെ വേളൂർ സെക്ഷനിൽ തോണി ഭാഗം റിസർവ്വിൽ നിന്ന് അനധികൃതമായി മൂന്നു തേക്ക മരങ്ങൾ മുറിച്ച് ഭാഗികമായി നീക്കം ചെയ്തത് കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും സ്റ്റാഫും കണ്ടെത്തി മഹസ്സർ തയ്യാറാക്കി തൊട്ടുപുഴ റെയിഞ്ചിൽ ഒ . ആർ . 85/98 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ബന്തവസ്സിൽ എടുത്തു സൂക്ഷിച്ച 22 കഷ്ണം തടികൾ മോഷണം പോയതിന് ക്രൈം 160/98 നമ്പരായി പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു . ഈ കാലയളവിൽ വേളൂർ സെക്ഷനിൽ ജോലി നോക്കിയിരുന്ന ഫോറസ്റ്റർ ടി . കെ . ചന്ദ്രശേഖരകർ ത്ത , ബീറ്റ് ഗാർഡ് എം . എ . ശശിധരൻ നായർ എന്നിവർക്കെതിരെ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു .

2)എന്നാൽ ടി.കെചന്ദ്രശേഖരകർ ത്ത 08.05.2003- ന് മരണപ്പെട്ടതിനാൽ ടിയാനെ കേസിൽനിന്നും ഒഴിവാക്കി ഔപചാരികാന്വേഷണം നടത്തുകയുണ്ടായി.പ്രസ്തുത അന്വേഷണത്തിൽ ഫോറസ്റ്റ്ഗാർ ഡ് എം.എ.ശശിധരൻനായരുടെ പേരിലുള്ള ചാർജ്ജുകൾ ഭാഗികമായി തെളിഞ്ഞതിനാൽ ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു .

3)മേൽ ഉത്തരവിനെതിരെ എം.എ.ശശിധരൻ നായർ സർക്കാരിൽ സമർപ്പിച്ച പുനരവലോകന ഹർജി പരാമർശം (2 ) പ്രകാരം നിരസിച്ചു. ടി ഉത്തരവിനെതിരെ ഫയൽ ചെയ്യപ്പെട്ട T A നം. 3164/12 ലെ പരാമർശം (3 ) ലെ വിധിന്യായപ്രകാരം എം.എ.ശശിധരൻനായർ സമർപ്പിച്ച പരാതി ടിയാനെ നേരിൽ കേട്ട് തീർപ്പാക്കുവാൻ ഉത്തരവായിരുന്നു . എന്നാൽ ടിയാൻ സമർപ്പിച്ച നിവേദനത്തിൽ പുതുതായി പരിഗണിക്കേണ്ട വസ്തുതകൾ ഒന്നും സമർപ്പിച്ചിട്ടില്ലെന്നു വിലയിരുത്തി പരാമർശം (4) പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു .

4) മേൽ ഉത്തരവിനെതിരെ ടിയാൻ ഫയൽ ചെയ്ത OA-860/2014 നം കേസിലെ പരാമർശം (5) പ്രകാരമുള്ള ഉത്തരവ് പ്രകാരം പരാമർശം (4 )ലെ ഉത്തരവ് ബഹു . ട്രിബ്യൂണൽ റദ്ദാക്കുകയും , ശശിധരൻ നായർ 26.11.2007- ൽ സമർപ്പിച്ചിരുന്ന നിവേദനം ഔപചാരികാന്വേഷണത്തിന്റെ വെളിച്ചത്തിലും ടിയാൻ സമർപ്പിച്ചിരുന്ന വാദത്തിന്റെ വെളിച്ചത്തിലും പുതുതായി പരിഗണിക്കുവാനും ടിയാനെ നേരിൽ കേട്ടശേഷം ഉചിതമായ ഉത്തരവിറക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ശശിധരൻ നായർ 2019ൽ മരണപ്പെട്ടതായി ടിയാന്റെ അഡ്വക്കേറ്റ് അറിയിക്കുകയും ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാന്റെ വിധവയും അഭ്യർത്ഥിക്കുകയുണ്ടായി.

5)പ്രാഥമികാന്വേഷണത്തിൽ തന്നെ ഫോറസ്റ്റർ ആയിരുന്ന ടി . കെ.ചന്ദ്രശേഖരകർത്തയാണ് ഇതിന്റെ സൂത്രധാരനായി പ്രവർത്തിച്ചതെന്ന് വ്യക്തമായിരുന്നു .എന്നാൽ 2003- ന് മരണപ്പെട്ടതിനാൽ ടിയാനെ കേസിൽ നിന്നും ഒഴിവാക്കി. ഔപചാരികാന്വേഷണത്തിൽ കുറ്റകൃത്യം യഥാസമയം കണ്ടെത്തി മേൽ നടപടികൾ സ്വീകരിക്കുന്നതിന് പരാജയപ്പെട്ടു എന്ന ചാർജാണ് ശശിധരൻ നായർ ക്കെതിരെ തെളിയിക്കപ്പെട്ടത്.എന്നാൽ പ്രസ്തുത കുറ്റകൃത്യം നടക്കുന്ന സമയം ടിയാനെ ഫോറസ്റ്റർ ടി . കെ . ചന്ദ്രശേഖര കർത്ത മറ്റ് ജോലികൾക്കായി നിയോഗിക്കുകയും പ്രസ്തുതസ്ഥലത്തുനിന്നും ഒഴിവാക്കു കയും ചെയ്തു.ഗാർഡ് എന്ന നിലയിൽ ഫോറസ്റ്ററുടെ ഉത്തരവ് അനുസരിക്കുവാൻ ടിയാൻ ബാദ്ധ്യസ്ഥനായിരുന്നു. ഔപചാരികാന്വേ ഷണ റിപ്പോർട്ട് യഥാസമയം ടിയാന്

നല്കിയിട്ടില്ല.ഈ വസ്തുതകൾ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

6)സർക്കാർ ഈ വിഷയം പരാമർശം(5) ലെ വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ വിശദമായി പരിശോധിച്ചു.എം . എ . ശശിധരൻ നായർ മരണപ്പെട്ട സാഹചര്യത്തിലും ടിയാന്റെ വിധവ സർക്കാരിൽ സമർപ്പിച്ച നിവേദനം വിലയിരുത്തിയും ദയാപരമായ സമീപനം സ്വീകരിച്ചു കൊണ്ട് ടിയാനെതിരെ തുടർ നടപടി ഒഴിവാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ശശിധരൻ നായർക്ക് പെൻഷൻ കുടിശ്ശിക ആനുകൂല്യങ്ങൾ നൽകാനുണ്ടെങ്കിൽ അത് അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീമതി രാധാമണിഅമ്മ . ആർ (W/O Late എം.എ.ശശിധരൻനായർ)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം, (ആമുഖ കത്ത് മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJU K
Date: 2019.08.29 [illegible] 15 IST
Reason: Approved
സെക്ഷൻ ഓഫീസർ